**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4343 — 13.12.2018 -ൽ മറുപടിക്ക്

# ഹർത്താലുകൾ ടൂറിസം മേഖലയ്ക്ക് ഏൽപ്പിക്കുന്ന ആഘാതങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) അപ്രഖ്യാപിത ഹർത്താലുകൾ സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് ഏൽപ്പിക്കുന്ന കടുത്ത ആഘാതങ്ങളെ ക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | എ) കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന ഹർത്താലുകൾ ടൂറിസം മേഖലയെ ബാധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ടൂറിസം മേഖലയിൽ ഉണ്ടാകുന്ന നഷ്ടം കണക്കാക്കുന്നതിന് വകുപ്പ് തലത്തിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. ഹർത്താലിൽ നിന്നും ടൂറിസം മേഖലയെ ഒഴിവാക്കുന്ന തിനായി ബഹു. മുഖ്യമന്ത്രി 15.5.2018-ന് സർവ്വകക്ഷി യോഗം വിളിക്കുകയും വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കാൻ പ്രസ്തുത സർവ്വകക്ഷിയോഗത്തിൽ ഐകകണ്ഠ്യേന തീരുമാനിച്ചിരുന്നു. |
| ബി) ഈ വർഷം ഇതുവരെ കേരള ത്തിൽ ഉണ്ടായത് 86 ഹർത്താ ലുകളാണെന്നും ഇതു പ്രകാരം നാലിലൊന്നു ദിവസങ്ങളിലും കേരളത്തിൽ ഒരിടത്തോ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ സ്ഥലത്തോ ഹർത്താലാ യിരുന്നു എന്നുമുള്ള റിപ്പോർട്ടു കൾ പരിശോധിക്കുകയുണ്ടായോ; | ബി) വിനോദസഞ്ചാര വകുപ്പ് ഈ വിഷയം പരിശോധിച്ചിട്ടില്ല. |

| | |
|---|---|
| സി) പതിനൊന്ന് ലക്ഷത്തോളം വിദേശികളും ഒന്നരകോടിയോളം ആഭ്യന്തര സഞ്ചാരികളും കഴിഞ്ഞ വർഷം കേരളത്തിന്റെ കാഴ്ചാനുഭവങ്ങൾ തേടി എത്തുക ഉണ്ടായോ; | സി) 2017 കലണ്ടർ വർഷം കേരളം സന്ദർശിച്ച മൊത്തം വിനോദസഞ്ചാരികളുടെ എണ്ണം 1,57,65,390 ആണ്. ഇതിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 1,46,73,520 ആണ്. വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 10,91,870 ആണ്. |
| ഡി) ഒരു വർഷം ടൂറിസം മേഖല ശരാശരി 34000 കോടി രൂപയുടെ വരുമാനം സംസ്ഥാനത്തിന് നൽകുന്നുണ്ടോ; വിശദമാക്കാമോ; | ഡി) 2017 കലണ്ടർ വർഷം ടൂറിസം മേഖലയിലെ ആകെ വരുമാനം 33383.68 കോടി രൂപ ആണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 8392.11 കോടി രൂപയാണ് വിദേശ വിനോദസഞ്ചാരികളിൽ നിന്നും ലഭിച്ചതായി കണക്കാക്കിയിട്ടുള്ളത്. |
| ഇ) സഞ്ചാരികൾക്ക് ഇത്തരം ഹർത്താലുകൾ തെറ്റായ സന്ദേശമാണ് നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന ഹർത്താലുകൾ ടൂറിസം മേഖലയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹർത്താലിൽ നിന്നും ടൂറിസം മേഖലയെ ഒഴിവാക്കുന്നതിനായി ബഹു. മുഖ്യമന്ത്രി സർവ്വകക്ഷി യോഗം വിളിച്ച് ചേർത്ത് വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കാൻ സർവ്വകക്ഷിയോഗം ഐകകണ്ഠ്യേന തീരുമാനിച്ചിരുന്നു. |

(signature)

സെക്ഷൻ ഓഫീസർ